**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4349** **18-03-2025 - ൽ മറുപടിയ്ക്ക്**

**കയർ മേഖലയുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പരമ്പരാഗത തൊഴിൽ മേഖലയായ കയർമേഖലയുടെ നവീകരണത്തിന് ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | **(എ)** പരമ്പരാഗത തൊഴിൽ മേഖലയായ കയർമേഖലയുടെ നവീകരണത്തിന് ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.<br><br>കയർമേഖലയിൽ യന്ത്രവത്കരണത്തിലൂടെ ഉത്പാദന ക്ഷമത വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം വിപണിക്കാവശ്യമായ നവീന ഉത്പന്നങ്ങൾ നിർമ്മിച്ചെടുക്കാൻ തൊഴിലാളികളെ പ്രാപ്തമാക്കുംവിധം നൈപുണ്യ/ പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഭോപ്പാലിന്റെ സഹകരണത്തോടെ കയർകോർപ്പറേഷൻ ഇതിനകം നാല് ബാച്ച് ട്രെയിനിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. വൈവിധ്യവത്കരണത്തിന്റെ ഭാഗമായി ചകിരിച്ചോറിൽ നിന്നുള്ള ഉത്പന്നങ്ങൾ കയർഫെഡ് വഴിയും കയർസംഘങ്ങൾ വഴിയും ഉത്പാദിപ്പിച്ച് വിപണനം നടത്തിവരുന്നുണ്ട്.<br><br>യന്ത്രവത്കരണത്തിന്റെ ഭാഗമായി സ്ഥാപിച്ച ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളുടെയും ഡീഫൈബറിംഗ് മെഷീനുകളുടെയും അറ്റകുറ്റപ്പണികൾ ഏറ്റെടുത്ത് നടത്തുന്നതിനും ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി (KSCMMC) മുഖേന പദ്ധതി നടപ്പിലാക്കി വരുന്നതിന്റെ ആദ്യഘട്ടമായി 1.47 കോടി രൂപ KSCMMC ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>കയർ സംഘങ്ങൾക്ക് Production and Marketing Incentive (PMI) പദ്ധതിയിൽ നടപ്പ് സാമ്പത്തിക വർഷം 6.4 കോടി രൂപയും Market Development Assistance (MDA) പദ്ധതിയിൽ കയർ മേഖലയിലെ പൊതുമേഖല സ്ഥാപനങ്ങൾക്ക് |

സംസ്ഥാന വിഹിതമായി 10 കോടി രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്.

ഇൻകം സപ്പോർട്ട് പദ്ധതിയിൽ 12.49 കോടി രൂപ പരമ്പരാഗത കയർ തൊഴിലാളികൾക്കായി നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ അനുവദിച്ച് നൽകിയിട്ടുണ്ട്. ക്രയവില സ്ഥിരതാ പദ്ധതിയിൽ കയർഫെഡിനും കയർ കോർപ്പറേഷനുമായി ആകെ 22.75 കോടി രൂപ നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച് നൽകിയിട്ടുണ്ട്.

കയർ ഭൂവസ്ത്രപദ്ധതി വ്യാപിപ്പിക്കുന്നതിനും കയർ ഉത്പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

കയർ മേഖലയിൽ നിലനിൽക്കുന്ന വിവിധ പ്രശ്നങ്ങളെ കുറിച്ച് അടിയന്തിര പരിഹാരം നിർദ്ദേശിക്കുന്നതിനായി കയർ വികസന ഡയറക്ടർ കൺവീനറും ഡോക്ടർ ശങ്കർ കൃഷ്ണപിള്ള, ഐ.ഐടി മദ്രാസ്, ഡോ.കെ ബാലൻ, പ്രൊഫസർ സിവിൽ എൻജിനീയറിങ് (റിട്ട), ഡോ. ദിവ്യ പി. വി, ഐ .ഐ റ്റി പാലക്കാട്, ശ്രീ. ജി വേണുഗോപാൽ, ചെയർമാൻ കയർ കോർപ്പറേഷൻ, ഡോ. എം രാകേഷ് കൃഷ്ണൻ, അസോസിയേറ്റ് പ്രൊഫസർ, CUSAT തുടങ്ങിയ വിദഗ്ധർ അംഗങ്ങളായും ഒരു വിദഗ്ധസമിതി രൂപീകരിക്കുകയുണ്ടായി. 01-01-2025-ൽ സമിതി അന്തിമ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു. സമിതിയുടെ നിർദ്ദേശങ്ങൾ (ആകെ 35) നടപ്പിലാക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കിവരുന്നു. ഇടക്കാല റിപ്പോർട്ടിലെ അടിയന്തര പ്രാധാന്യമുള്ള 25 നിർദ്ദേശങ്ങളിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു:-

ചകിരി നിർമ്മാണ മെഷിനറികൾ കാലോചിതമായി പരിഷ്കരിക്കൽ.

സൊസൈറ്റികളുടെ ഉത്പാദനക്ഷമത ഉയർത്താനും ലാഭത്തിൽ നിലനിർത്താനും നടപടികൾ.

ചകിരിച്ചോറിനും ചെറിയ ഫൈബറിനും വിപണി കണ്ടെത്താൻ നടപടി.

കയർമേഖലയിലെ തൊഴിലാളികളുടെ വിശദമായ സെൻസസ് നടത്താനും ശമ്പളം ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യാനും നടപടി.

| | | | |
|---|---|---|---|
| | | | സർക്കാർ ധനസഹായങ്ങൾ ഉൽപാദന ക്ഷമത വിലയിരുത്തി വിതരണം ചെയ്യാനും നഷ്ടത്തിലുള്ള സംഘങ്ങൾക്ക് പ്രത്യേക പുനരുദ്ധാരണ പാക്കേജ് നൽകാനും നടപടി.<br><br>ഉൽപാദനം ക്രമീകരിക്കുന്നതിന് മാർക്കറ്റ് ട്രെൻഡ്, ഡിമാൻഡ് തുടങ്ങിയ കാര്യങ്ങൾ സ്ഥിരമായി അവലോകനം ചെയ്യുന്നതിന് സംവിധാനം.<br><br>കയർ ഭൂവസ്ത്രത്തിന്റെ വിപണന സാധ്യതയും കൂടുതൽ മേഖലകളിലെ വിനിയോഗ സാധ്യതയും കണ്ടെത്താൻ നടപടി.<br><br>വിതരണം ചെയ്ത മെഷീനുകൾ പൂർണതോതിൽ പ്രവർത്തിപ്പിക്കലും അടുത്ത അഞ്ചുവർഷത്തേക്ക് എല്ലാ കയർ മെഷീനുകൾക്കും AMC. |
| (ബി) | കയർ തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | **(ബി)** കയർ തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമാക്കി സർക്കാർ 1989 -ൽ രൂപീകരിച്ച കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന 76000 ത്തോളം കയർ തൊഴിലാളികൾക്ക് പ്രതിമാസം 1600/- രൂപ പ്രകാരം ക്ഷേമനിധി പെൻഷനും, ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കുമായി കയർ തൊഴിലാളി ക്ഷേമനിധിയിൽ നിന്നും താഴെ പറയുന്ന ക്ഷേമാനുകൂല്യങ്ങളും നൽകുന്നുണ്ട്.<br><br>വനിതാ അംഗത്തിനും മകൾക്കും വിവാഹ ധനസഹായമായി 2000/- രൂപയും, അംഗത്തിനു പ്രസവാനുകൂല്യമായി 15,000/- രൂപയും, ശാരീരിക അവശതയ്ക്ക് 2500/- രൂപയും, അംഗത്തിന്റെ അപകടമരണ നഷ്ടപരിഹാരമായി 10,000/- രൂപയും ചികിൽസാ സഹായമായി 1000/- രൂപയും ശവസംസ്കാര ധനസഹായം 1000/- രൂപയും കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള സ്കോളർഷിപ്പായി അക്കാദമിക്ക് കോഴ്സുകൾക്ക് 750/- രൂപയും പ്രൊഫഷണൽ കോഴ്സുകൾക്ക് 3000/- രൂപയും നൽകുന്നുണ്ട്. |
| (സി) | കയർ തൊഴിലാളികൾക്ക് നൽകിവരുന്ന വിവിധ സേവനങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | **(സി)** കയർ തൊഴിലാളികൾക്ക് നൽകിവരുന്ന വിവിധ സേവനങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നകാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ